Talented Bankers Literary Panel
പുസ്തകപരിചയം 220

പരിചയപ്പെടുത്തുന്നത്,
ജയലക്ഷ്മി ശ്രീജിത്ത്,
ബാങ്ക് ഓഫ് ബറോഡ
പന്തളം ശാഖ.

അവളുടെ ലോകം ( Herland)
ഷാർലറ്റ് പെർക്കിൻസ് ഗിൽമാൻ
പരിഭാഷ : കൃഷ്ണവേണി

അവളുടെ ലോകം, ഫെമിനിസ്റ്റ് ക്ലാസിക് എന്നൊക്കെ കേൾക്കുമ്പോൾ എന്താണ് ആദ്യം മനസിൽ വരുക. ഇന്നത്തെ സമൂഹത്തിലെ പുരോഗമനവാദികൾ എന്നു സ്വയം നടിക്കുന്ന ചില സ്ത്രീകളുടെയും പുരുഷൻമാരുടെയും ജല്പനങ്ങളും ഫെമിനിസം എന്നു അവർ പറയുന്ന ചില കാഴ്ചപ്പാടുകളും ആണ് എന്റെ ചിന്തയിൽ വന്നത്. എന്നാൽ എന്റെ മുൻവിധികളിൽ കൂടി അല്ല ഈ വായന കടന്നു പോയത്.

ആമസോൺ ഭാഗത്തായി ഏറെ മെച്ചപ്പെട്ടതും ,എന്നാൽ ഒറ്റപ്പെട്ടതുമായ ജീവിതം നയിക്കുന്ന സ്ത്രീസമൂഹത്തെ അമേരിക്കയിലെ മൂന്നു പര്യവേഷകർ കണ്ടെത്തുന്നു. ടെറി, ജെഫ് പിന്നെ കഥ മുൻപോട്ട് കൊണ്ട് പോകുന്ന വാൻഡിക് ജെന്നിങ്സ്. ഇവർ സഹപാഠികളും സുഹൃത്തുക്കളും ആണ്. സ്വന്തം ഇഷ്ടം അനുസരിച്ച് ചിലവഴിക്കാൻ തരത്തിൽ ധനികൻ ആണ് ടെറി. പുതിയ നാടുകൾ തേടിയുള്ള യാത്ര ആണ് ഇഷ്ടവിഷയം. അവർ മൂന്നു പേരും കൂടി ഒരു ശാസ്ത്ര പര്യവേഷണത്തിന് ആയി ഒത്തു ചേരുകയാണ്. ആ യാത്രയിൽ യാദൃശ്ചികം ആയി അവർ പെൺലോകത്തേക് ഉള്ള വഴി കണ്ടു പിടിക്കുകയും അവിടെ എത്തിച്ചേരുകയും ചെയ്യുന്നു.

ഈ പുരുഷന്മാരുടെ ഭാവനയിൽ സ്ത്രീകൾ മാത്രം ഉള്ള ലോകം എപ്പോഴും അടിപിടി നിറഞ്ഞതും വളരെ പ്രാകൃതവും ആയ ഒന്നായിരിക്കും. ടെറി യുടെ അഭിപ്രായത്തിൽ സ്ത്രീകൾ തങ്ങളെ ഹാർദ്ദവമായി സ്വീകരിക്കുകയും താൻ അവരുമായി പെട്ടെന്ന് ഇഴുകി ചേർന്നു ഒരു ചില്ലയിൽ നിന്നും മറ്റൊരു ചില്ലയിലേക് ചാടി രസിക്കുകയും ചെയ്യുമെന്നാണ്. ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു കൂട്ടം സ്ത്രീകളെ കുറിച്ചു ഈ അഭിപ്രായം പറയുന്ന ടെറി പ്രാകൃതനോ അതോ ആധുനികനോ ?

സ്ത്രീകളുടെ പട്ടണം അവരുടെ എല്ലാ ഭാവനകൾക്കും അപ്പുറം ആയിരുന്നു. സ്ത്രീകളെ കുറിച്ച് പിന്നെ പറയേണ്ടത് ഇല്ലല്ലോ. വ്യക്തമായ ലക്ഷ്യവും നിശ്ചയദാർഢ്യവും ഉള്ളവർ. ഭയരഹിതമായ മുഖങ്ങൾ. പട്ടണത്തിൽ ആണെങ്കിലോ അഴുക്കില്ല, പുകയില്ല, ശബ്ദ കോലാഹലങ്ങൾ

ഇല്ല. തങ്ങളുടെ ഇടയിൽ അനുവാദം ഇല്ലാതെ വന്ന ഈ പുരുഷന്മാരെ അവർ തടവിലാക്കുന്നു. ആണുങ്ങളെ പോലെ പ്രതിരോധിച്ചെങ്കിലും ശക്തരായ സ്ത്രീകൾ തൂക്കി എടുത്താണ് ഈ പുരുഷന്മാരെ വലിയൊരു കെട്ടിടത്തിൽ കൊണ്ട് പോയി തടവിൽ ആക്കുന്നത്. നാട്ടിൽ നിന്നു വന്നവരിൽ നിന്നും അറിവ് സമ്പാദിക്കുക എന്ന ലക്ഷ്യത്തോട് കൂടി സ്ത്രീകൾ ഈ പുരുഷന്മാരെ അവരുടെ ഭാഷ പഠിപ്പിക്കുകയും ആശയ വിനിമയം നടത്തുകയും ചെയ്യുന്നു. ഇവിടുത്തെ സ്ത്രീകളുടെ തലമുടി പറ്റെ വെട്ടിയതായിരുന്നു. ജെഫിന്റെ അഭിപ്രായത്തിൽ നീളൻ മുടി ആണ് സ്ത്രൈണത. നമ്മൾ എന്ത് കൊണ്ട് ഒരു സ്ത്രീയുടെ മുടിക്ക് ഇത്ര പ്രാധാന്യം കൊടുക്കുന്നു. കുതിര ,സിംഹം ഇവയിൽ ഒക്കെ നേരെ തിരിച്ച് അല്ലെ എന്നു ജെന്നിങ്സ് ചോദിക്കുന്നുണ്ട് . പുറം ലോകത്തെക്കുറിച്ച് ഉള്ള ഓരോ വിവരങ്ങളും ആ സ്ത്രീകൾക്കു അത്ഭുതം ആയിരുന്നു. മൃഗങ്ങളുടെ പാലും മാംസവും മനുഷ്യർ ഉപയോഗിക്കുന്നത് അവർക്ക് ചിന്തിക്കാൻ പോലും ആകുമായിരുന്നില്ല. അങ്ങനെ ഓരോ കാര്യങ്ങളും.

രണ്ടായിരം വർഷത്തോളമായി ആ നാട്ടിൽപുരുഷന്മാർ ഇല്ല. അവരുടെ ചരിത്ര രേഖകൾ പ്രകാരം സ്ത്രീകളും പുരുഷന്മാരും ചേർന്ന സമൂഹം ആയിരുന്നു അവരും. ചില ചരിത്രപരമായ ദൗർഭാഗ്യങ്ങളാൽ പുരുഷന്മാരിൽ മിക്കവരും യുദ്ധത്തിൽ കൊല ചെയ്യപ്പെട്ടു. പിന്നീട് ഉണ്ടായ ഒരു അഗ്നിപർവത സ്ഫോടനത്തിൽ വളരെ കുറച്ചു ആൾക്കാർ മാത്രം ആണ് ജീവനോടെ ബാക്കി ആയത്. അവരുടെ കൂടെ ഉണ്ടായിരുന്ന അടിമകൾ ഈ അവസരം മുതലെടുക്കുകയും ബാക്കി ഉള്ള പുരുഷന്മാരെ കൊല്ലുകയും ചെയ്തു. പ്രായമായ സ്ത്രീകളെയും അമ്മമാരെയും അവർ കൊന്നു. ബാക്കി ഉള്ള യുവതികളെയും പെൺകുട്ടികളെയും ഉപയോഗിച്ച് പുതിയ ഒരു വംശം സ്ഥാപിക്കാമെന്നും അവർ കരുതി. എന്നാൽ ഈ ദുരന്തങ്ങളുടെ പരമ്പര ആ കന്യകമാരെ രോഷാകുലരാക്കുകയും കീഴടങ്ങുന്നതിനു പകരം നിരാശയിൽ നിന്നുയർന്ന പകയോടെ സ്വന്തമാക്കാൻ വന്നവരെ കൂട്ടക്കൊല ചെയ്യുകയും ചെയ്തു. ബാക്കി വന്ന സ്ത്രീകൾ അന്യോന്യം രക്ഷിച്ചും സ്നേഹിച്ചും ജീവിച്ചു.

അങ്ങനെ ഇരിക്കെ കൂട്ടത്തിൽ ഒരു യുവതി ഗർഭിണി ആയി. എവിടെയോ ഒരു പുരുഷൻ ഉണ്ടെന്നു കരുതിയെങ്കിലും അങ്ങനെ ഒരാൾ ഇല്ലായിരുന്നു. പിന്നീട് അവർ വീണ്ടും വീണ്ടും പ്രസവിച്ചു. അഞ്ചും പെണ്കുട്ടികൾ. ഇരുപത്തിയഞ്ച് വയസ് ആയപ്പോൾ അവരും പ്രസവിച്ചു. ഇതിനിടെ പുരുഷന്മാരെ അറിഞ്ഞിരുന്ന പ്രായമായ സ്ത്രീ മരിച്ചു. അപ്പോഴേക്കും അവിടെ നൂറ്റിയിരുപത്തിയഞ്ചു പാർത്തെനോജൻസിക് സ്ത്രീകൾ പുതിയ വംശമായി ഉയിർത്തെഴുന്നേറ്റിരുന്നു. ഇതാണ് അവരുടെ ചരിത്രം.

കുറച്ച് നാളുകൾക്കു ശേഷം ഈ പുരുഷന്മാർ അവിടെ ഉള്ള മൂന്നു പെൺകുട്ടികളുമായി അടുപ്പത്തിൽ ആകുന്നു. ജെഫ്- സെലിസ, ടെറി - അലിമ, ജെന്നിങ്സ് - എല്ലഡോർ എന്നിങ്ങനെ. ഈ ബന്ധം വിവാഹത്തിൽ എത്തി ചേരുന്നു. എന്നാൽ ഈ പെൺകുട്ടികൾക്ക് നമ്മുടെ വിവാഹം എന്ന

സങ്കല്പം മനസിലാക്കാൻ സാധിക്കുന്നില്ല. വിവാഹ ശേഷം ഭർത്താവിന്റെ പേരു ചേർത്ത് അറിയപ്പെടും എന്നു പറയുമ്പോൾ നിങ്ങളുടെ സ്ത്രീകൾക്കു വിവാഹത്തിന് മുൻപേ പേരില്ലേ എന്നും അവരുടെ പഴയ പേര് ഭർത്താവ് ഏറ്റെടുക്കുമോ എന്നുമാണ് അവരുടെ മറുചോദ്യം. സ്വാഭാവികമായും അവരുടെ ബന്ധം പുരുഷന്മാർ ഉദ്ദേശിക്കുന്ന രീതിയിൽ മുൻപോട്ട് പോയില്ല. അലിമയോട് ഉള്ള മോശം പെരുമാറ്റത്തിന്റെ പേരിൽ ടെറി വിചാരണ നേരിടുകയും രാജ്യത്തു നിന്നും പുറത്താക്കാൻ തീരുമാനം എടുക്കുകയും ചെയ്യുന്നു. എല്ലഡോർ കൂടി ഇവർക്കൊപ്പം നാട്ടിലേക്ക് വരാൻ തീരുമാനിക്കുകയും ചെയ്യുന്നിടത് കഥ അവസാനിക്കുന്നു.

ഇത് വളരെ ചുരുക്കി എഴുതിയ വിവരണം ആണ്. പറ്റുമെങ്കിൽ പുസ്തകം വായിച്ചു തന്നെ അറിയുക സ്ത്രീകൾ മാത്രം ഉള്ള ആ ലോകത്തെ കുറിച്ച്.

പ്രസാധകർ- മാതൃഭൂമി ബുക്ക്സ്
വില 220